# മിന്നാമിനുങ്ങുകൾ



Little Kites Digital Magazine

2023-2024

SDPYGVHSS PALLURUTHY

# മാഗസിനെ കുറിച്ച്.

വിവരവിനിമയ സാങ്കേതിക വിദ്യയിൽ അഭിരുചിയുള്ള കുട്ടികളുടെ
ഒരു സംഘം രൂപപ്പെടുത്തിയെടുക്കാനുള്ള പൊതുവിദ്യാഭ്യാസ വകുപ്പിലെ
ശ്രമമാണ് സ്ക്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി  ക്ലബ്ബിന്റെ
രൂപീകരണത്തിന് വഴിവെച്ചത്. മലയാളം കംപ്യൂട്ടിങ്ങുമായി ബന്ധപ്പെട്ട
കുട്ടികളെ മലയാള ഭാഷ ടൈപ്പിംഗ് രീതികൾ പരിചയപ്പെടുത്തുന്നതിനും
ഡിജിറ്റൽ മാഗസിൻ നിർമാണത്തിനാവശ്യമായ സങ്കേതങ്ങൾ
പരിശീലിപ്പിക്കുന്നതിനുമായി സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ട
ഒരു പ്രോജക്ടിന്റെ ഭാഗമാണ് ഈ മാഗസിൻ....
വിദ്യാരംഗം പ്രവർത്തനങ്ങളുടെ ഭാഗമായി ലഭിച്ച സാഹിത്യസൃഷ്ടികളും
വിദ്യാലയത്തിലെ കവികളുടെയും കലാകാരികളുടെയും സൃഷ്ടികളും
സാഹിത്യാഭിരുചിയുള്ള അധ്യാപകരുടെ രചനകളും മജസിനിൽ
ഉപയോഗിച്ചിട്ടുണ്ട്. ഇതിനായി സഹകരിച്ച എല്ലാ അധ്യാപകരോടും
വിദ്യാര്ഥികളോടും നന്ദി അറിയിക്കുന്നു....
ഡിജിറ്റൽ മാഗസിനായതുകൊണ്ട് സാധാരണ മാഗസിനുകളുടെ പരിമിതി
ഇതിനില്ല. ഇപ്പോൾ ചേർക്കാൻ കഴിയാത്ത പല രചനകളും
ഉൾപ്പെടുത്താനുള്ള അനന്തമായ സാധ്യത തുറന്നിട്ടുകൊണ്ടാണ് ഈ
മാഗസിൻ നിങ്ങളുടെ കൈകളിൽ എത്തുന്നത്....





**K**ite Mistress- Vijayasree K, Minimol K.V

# സന്ദേശം.

കുട്ടികളുടെ സർഗാവസാനകൾ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ആധുനിക വിവര സാങ്കേതിക വിദ്യകളുടെ പ്രയോഗവൽകരണത്തിന് കൂടി ഉപയുക്തമാകുന്ന സംരംഭമാണ് സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്നതാണ് ഈ മാഗസിൻ.
ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു , അതോടൊപ്പം ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ അധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു.



Smt. seema K.K
(Headmistress)




## സ്കൂളിനെക്കുറിച്ച്.

1916 മാർച്ച് 8-ന് ഗുരുദേവൻ ശ്രീ ഭവാനീശ്വരക്ഷേത്രത്തിൽ ശിവലിംഗ പ്രതിഷ്ഠ നടത്തിയതോടൊപ്പം ശിലാസ്ഥാപനം നിർവഹിച്ച പ്രൈമറിസ്കൂൾ....1919-ൽ പണി പൂർത്തിയാക്കി വിദ്യാഭ്യാസം ആരംഭിച്ചു. 1925 മെയ് 18-ന് ഇത് അപ്പർ പ്രൈമറിസ്കൂളായി ഉയർന്നു. 1946-ൽ ഹൈസ്കൂളായി ഉയരുകയും അന്നത്തെ തിരു-കൊച്ചി വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ പനംപിള്ളി ഗോവിന്ദമേനോൻ ഉദ്ഘാടന കർമ്മം നിർവഹിക്കുകയും ചെയ്തു. 1966 കാലഘട്ടത്തിൽ ഹൈസ്കൂൾ വിപുലീകരണത്തിനായി കൂടുതൽ ഡിവിഷനുകൾ ആരംഭിച്ചു.1979 കാലഘട്ടത്തിൽ എസ്.ഡി.പി.വൈ ഹൈസ്കൂൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സ്കൂളായി വിഭചിക്കപ്പട്ടു.അങ്ങനെ രൂപം കൊണ്ടതാണ് എസ്.ഡി.പി.വൈ ഗേൾസ് സ്കൂൾ. ഈ സ്കൂളിലെ പ്രഥമ പ്രധാനാധ്യാപകൻ യശഃ ശരീരനായ ശ്രീ വി ആർ കുമാരപിള്ള ആയിരുന്നു. അന്ന് പ്രധാനാധ്യാപകൻ ഉൾപ്പടെ ഏകദേശം 42 അധ്യാപകരും 1036 കുട്ടികളുമാണ് ഉണ്ടായിരുന്നത്. വളർച്ചയുടെ വിവിധഘട്ടങ്ങൾ പിന്നിട്ട് ഈ സ്കൂൾ 1997-ൽ വൊക്കേഷനൽ ഹയർസെക്കണ്ടറി സ്കൂളായി ഉയർന്നു. 2002-ൽ അൺ എയ്ഡഡ് പ്ലസ് ടു വിഭാഗവും ഈ സ്കൂളിന് കീഴിൽ പ്രവർത്തനം ആരംഭിച്ചു. ഇന്ന് പ്രധാനാധ്യാപിക ഉൾപ്പടെ 30 അധ്യാപകരും 5 അനധ്യാപകരും 642 കുട്ടികളും ഈ  വിദ്യാലയത്തിലുണ്ട്. വൊക്കേഷനൽ ഹയർ സെക്കൻഡറിയിൽ Computer Science , MLT എന്നീ കോഴ്സുകളും അൺ എയ്ഡഡ് പ്ലസ് ടു വിൽ Computer Science , Biology , Commerce +Computer ,Application , Commerce +Politics എന്നീ കോഴ്സുകളും വിജയകരമായി നടത്തി പോരുന്നു. സ്കൂൾ മാനേജ്മെന്റ് , പി.ടി.എ തുടങ്ങിയവരുടെ സഹകരണവും കുട്ടികളുടെ പഠന പഠ്യേതര മികവ് വളർത്തുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്നു.

# ആശംസകളോടെ

വിവര സാങ്കേതിക വിദ്യയുടെ പുത്തൻ
ലോകത്ത് പറന്ന് നടക്കുന്ന ലിറ്റിൽ
കൈറ്റ്സ് പുറത്തിറക്കുന്ന സ്കൂൾ മാഗസിന്
എല്ലാവിധ ആശംസകളും നേരുന്നു.



Smt. Vineetha V

(Deputy. Headmistress)

# ആശംസകളോടെ

നമ്മുടെ വിദ്യാലയത്തിൽ നിന്നും ഒരു ഡിജിറ്റൽ
മാഗസിൻ പുറത്തിറക്കുന്നു എന്നതിൽ
വളരെയധികം സന്തോഷിക്കുന്നു. ഈ മഹത്തായ
ദൗത്യത്തിൽ പങ്കാളികളായ എല്ലാ വിദ്യാർത്ഥികൾക്കും
അധ്യാപക സുഹൃത്തുക്കൾക്കും ആശംസകൾ നേരുന്നു.



Smt. Vijaya V
SITC

## ജന്മം

എത്രയോ പുണ്യമാം ജന്മം
എത്രയോ ശ്രേഷ്ഠമാം ജന്മം
ഈ ഊഴിതൻ മടിത്തട്ടിൽ പിറവി-
യെടുത്തൊരീ ധന്യമാം ജന്മം......

കയ്പ്പും മധുരവും ഇടചേർന്ന വാഴ്വമീ
വശ്യതയാർന്നൊരീ ജന്മം
ആനന്ദമധുരം  നുകരുമ്പോൾ ജന്മം
ശ്രേഷ്ഠമെന്നോതുന്നു മനുജർ
കലുഷമാണ്  നോവുകളേറ്റ തപ്തരായി
പാഴ്ജന്മമെന്നോതിടുന്നു
സുഖ ദുഃഖ സമ്മിശ്രമാകമീ ജീവിതം
ശ്രേഷ്ഠതമം തന്നെയെല്ലോ !
ശാന്തമാകു ശാന്തമാകു ഹൃദയമേ....
മർത്യജന്മം പുണ്യജന്മം....

ALIYA PARVIN
8 B

## പകൽ

രാത്രി....
നമ്മുടെ മാത്രമായ രാത്രി....
ഈ ലോകത്തിന്റെയും രാത്രി....
നിനക്കുള്ളിലൊന്നുണ്ടേ
പിറക്കാൻ പോകുന്ന
കുഞ്ഞിനെപ്പോലുരുണ്ടതൊന്ന്....
പൊട്ടിലാരാണ് പോകുന്ന
വിത്തു പോലൊന്ന്.
അതാണ് ആ ദിവ്യാത്ഭുതം....
പകൽ....
ഏതിലും സുന്ദരമാണ് നീ....
നിങ്ങളുടെ ജീവിതങ്ങളിൽ
പിന്നെയും പ്രാണനോടട്ടെ....

ABHINITHA D A
8B

# കൃഷ്ണനെത്തേടി....

കൃഷ്ണഗാഥയിൽ നിന്നെ തിരഞ്ഞു ഞാൻ
കൃഷ്ണ പക്ഷങ്ങൾ താണ്ടി തളർന്നുപോയി
ഗോകുലങ്ങളിൽ ഗോപികാ ഗേഹത്തിൽ നീ അണഞ്ഞുവോ-
ശ്യാമ പ്രകാശമേ....
എന്നെ നീ അറിയില്ലെന്നാകിലും നിന്നെ  ഞാൻ തേടി
എല്ലാടവും ചെന്നു
കായാമ്പുകളും കാർമേഘ വർണവും കാതരയായി
എന്നെ  വിളിക്കുന്നു
നിൻ മുടിക്കെട്ടിനുള്ളിലെ മോഹന വർണ്ണ പിഞ്ചികയാകാൻ
കഴിയുമോ ?
കാറ്റിലൂടെ അലന്നു ചെന്നെന്നിലെ ശ്വാസധാര
നിൻ ചുണ്ടിലനയ്ക്കുമോ ?
പാഴ് മുളങ്കമ്പാകമെൻ ജീവനിൽ
നിൻ ഗാന മാധുര്യ വീചി നിലയ്ക്കുമോ ?
എന്റെ ജന്മം സഫലമായീടുവാൻ ഇന്നിതല്ലാതെ
മറ്റൊന്നുമെ വേണ്ട....

DEVANANDA T J
8B

# ചിലന്തി

ചുറ്റും വലകളാണ്
ഇന്റർനെറ്റിന്റെ
ഇഴമുറിയാത്ത വലകൾ
ഏറെ തേടുവാൻ
വലക്കണ്ണികളുമായി
പതിയിരിക്കുന്ന
ചിലന്തികൾ
ചോരയൂറ്റിക്കുടിക്കുവാൻ
കാത്തിരിക്കുന്നവ
മജ്ജയും മാംസവും
ആർത്തിയോടെ നുകരുന്നു
വലകളാണ് ചുറ്റും
വഴികൾ ചിലന്തികൾക്കേ അറിയൂ
നിരപരാധികൾ
ശിക്ഷിക്കപ്പെടുന്ന വലകൾ....

SHAHANA NIYAS
9A

# മണ്ണും മഴയും

തുമ്പയെടുത്ത മണ്ണ് കിളച്ചു
മണ്ണ് കിളച്ചു നിലമൊരുക്കി
നിലമൊരുക്കി വിത്തുവിതച്ചു
വിത്തുവിതച്ച വെള്ളമൊഴിച്ചു
വെള്ളമൊഴിച്ചു വിത്ത് മുളച്ചു
വിത്ത് മുളച്ചു വളം ചേർത്തു
വളം ചേർത്ത ഞാറ് വളർന്നു
ഞാറ് വളർന്ന് കതിര് വന്നു
കതിര് വന്നു നെന്മണിയായി
നെല്ല് വിളഞ്ഞു നെല്ല് കൊയ്തു
നെല്ല് കൊയ്തു കറ്റ മെതിച്ചു
കറ്റ മെതിച്ച് പതിര് പാറ്റി
പതിര് പാറ്റി നെല്ല് കിട്ടി....

FATHIMA LIYANA S
9A

# മൂല്യം

പക്ഷികൾ ജീവിച്ചിരിക്കുമ്പോൾ
ഉറുമ്പിനെ ഭക്ഷിക്കുന്നു....
പക്ഷികൾ മരിച്ചു കഴിഞ്ഞാൽ
ഉറുമ്പ് അവയെ ഭക്ഷണമാക്കുന്നു....
സമയവും സന്ദർഭവും എപ്പോൾ
വേണമെങ്കിലും മാറിയേക്കാം.
ജീവിതത്തിൽ ആരെയും വിലകുറച്ച്
കാണരുത് , ആരെയും വേദനിപ്പിക്കരുത്

ഇന്ന് നീ ചിലപ്പോൾ
ശക്തിയുള്ളവനായേക്കാം....
എന്നാൽ ഓർക്കുക....
സമയത്തിന് നിന്നെക്കാൾ ശക്തിയുണ്ട്....

ഒരു മരത്തിൽ നിന്നും ലക്ഷക്കണക്കിന്
തീപ്പെട്ടി കൊള്ളികൾ ഉണ്ടാക്കാൻ പറ്റുന്നു....
എന്നാൽ ലക്ഷക്കണക്കിന്
മരങ്ങളെ കത്തി നശിപ്പിക്കാൻ
ഒരു തീപ്പെട്ടിക്കൊള്ളി മതിയാകും....

AAVANI
9B

# ജലം

കുടിക്കുവാൻ വേണം ജലം
കുളിക്കാൻ വേണം ജലം
നമുക്കലക്കുവാൻ വേണം ജലം
അഴുക്കകറ്റുവാൻ വേണം ജലം

ജലക്ഷാമമിന്നു നാടാകെ രൂക്ഷം
ജനക്ഷേമമിതിനാലത്രെയോ കഷ്ടം
അരുതരുത്
ജല ദുരുപയോഗമരുത്....

നിറമില്ല....മണമില്ല....
രൂപമില്ല....രുചിയില്ല....
എങ്കിലും ജലമില്ലെങ്കിൽ
ഇവിടെ യാതൊന്നുമില്ല....

ജലമമൂല്യമാണ്
അത് അറിയുക ജനതേ....
ജലമമൂല്യമാണ്
അത് കരുതുക ജനതേ....
ജലമമൂല്യമാണ്
മലിനമാക്കരുത് മാനവാ....
ജലമാണ് ജീവൻ....

അത് മലിനമാക്കരുത് മാനവാ....
അത് മലിനമാക്കരുത് മാനവാ....

SREELAKSHMI
8A

# അതിജീവിത

സാന്ദ്ര....അവളുടെ പേരുപോലെതന്നെ സാന്ദ്ര സുന്ദരമായി പോകുന്നതിനിടയ്ക്കാൻ ഒരു ലോറി അപകടത്തിൽ അവൾക്ക് അവളുടെ അച്ഛനെ നഷ്ടപെട്ടത്. തീർത്തും വീട്ടമ്മ മാത്രമായിരുന്ന അമ്മയും അനുജനും അവളും ജീവിതത്തിന്റെ നരകയാതനകളിലേക്ക് എടുത്തെറിയപ്പെട്ടത് വളരെ പെട്ടന്നായിരുന്നു.

അതുവരെ അച്ഛനോടൊപ്പം വീട്ടിൽ വന്നിരുന്ന സുഹൃത്തുക്കൾ സുന്ദരിയായ അവളുടെ അമ്മയ്ക്ക് നേരെ കാമാർത്ഥമായ കണ്ണുകളോടെ നോക്കാൻ തുടങ്ങി. അനാഥ ബാല്യത്തിൽ അവരെ കൈപിടിച്ച ഭർത്താവിന്റെ സുഹൃത്തുക്കളെ അവിശ്വസിക്കാൻ അവർക്കായില്ല.

അനുജനും അവളും സ്കൂളിൽ പോയി വരുന്നത് വരെ അവർ വീട്ടിൽ ഒറ്റയ്ക്കായിരുന്നു. കോരിച്ചൊരിയുന്ന ഒരു മഴയത് സ്കൂളിൽ നിന്നും വീട്ടിലെത്തിയ അവൾ കണ്ടത് കീറിപ്പറിഞ്ഞ വസ്ത്രങ്ങളിലൂടെ രക്തം വാർന്നു കിടക്കുന്ന തന്റെ അമ്മയെയും ഓടി രക്ഷപെടാൻ ശ്രമിക്കുന്ന അയാളെയുമാണ്.

ഒന്നും ആലോചിക്കാതെ അവിടെ കിടന്നിരുന്ന വാകത്തിയെടുത്ത അയാളെ തലങ്ങും വിലങ്ങും വെട്ടുകയായിരുന്നു. കേവലം പതിനഞ്ചു വയസ്സ് പ്രായം മാത്രമുണ്ടായിരുന്ന നീതി ദേവത മൂന്ന് വർഷം മാത്രം പരീക്ഷിച്ചു. ദുർഗുണപരിഹാര പാഠശാലയിൽ വെച്ച് അവൾ 10ഉം തുടർന്ന് +2വും പാസായി.

ഇന്ന് അവൾ അതേ നീതിദേവതയുടെ മുന്നിൽ അവളെപ്പോലെ ജീവിതയാത്രയിൽ ഒറ്റപ്പെട്ടുപോയ അതിജീവിതകൾക്ക് വേണ്ടി വേട്ടക്കാരോട് പോരാടുന്ന നിയമജ്ഞയാണ്. അവരെ ഇര എന്ന വിളിച്ച് സഹതാപിക്കുന്ന സമൂഹത്തിനുനേരെ ഊരിപ്പിടിച്ച പടവാളുമായ പടപൊരുതാൻ അതിജീവനത്തിന്റെ പെൺകരുതാകാൻ കൂട്ടായി അമ്മയും അനുജനും അവളോടൊപ്പം.

AMRITAPRIYA
9B

# മനസാക്ഷിയെ നഷ്ടപ്പെടുത്തരുത്

കാട്ടിൽ നിന്ന് ചെറുപഴങ്ങൾ ശേഖരിച്ച് വിൽക്കുന്ന ഒരു ബാലൻ ഉണ്ടായിരുന്നു. എല്ലാദിവസവും കട്ടിൽ പോയി ഒരു കടത്തിൽ ചെറുപഴങ്ങൾ ശേഖരിച്ച് വരുന്ന ബാലൻ ഒരു വീട്ടമ്മയ്ക്ക് ആയിരുന്നു ഇത് വിറ്റിരുന്നത്. അവർ പഴങ്ങൾ വീടിനകത്തു കൊണ്ടുപ്പോയി തൂക്കിനോക്കും. എന്നിട്ട് അതിന്റെ പണം കൊടുക്കുകയും ഇതുമായി ബാലൻ പോവുകയും ചെയ്യും. ഒരു ദിവസം വീട്ടമ്മ ബാലനോട് ഇങ്ങനെ ചോദിച്ചു : "പഴങ്ങൾ തൂക്കി നോക്കുന്നത് ഒരിക്കൽ പോലും നീ കണ്ടിട്ടില്ല....തൂക്കം കുറച്ച് പറഞ്ഞു ഞാൻ നിന്നെ പറ്റിക്കുകയാണെന്ന് നിനക്ക് സംശയം തോന്നിയിട്ടില്ലേ ? ഒട്ടും ചിന്തിക്കാതെ ഉടനെ അവൻ പറഞ്ഞു : "ഒരിക്കലും തോന്നീട്ടില്ല എനിക്ക് നഷ്ടപ്പെടുന്നത് ചെറുപഴങ്ങൾ മാത്രമായിരിക്കാം....പക്ഷേ നിങ്ങൾക്ക് നഷ്ടപ്പെടുന്നത് നിങ്ങളുടെ മനസാക്ഷിയായിരിക്കാം...."

സ്വന്തം മനസാക്ഷിയെ നഷ്ടപ്പെടുത്താതെ ആർക്കും ആരെയും പറ്റിക്കാൻ കഴിയില്ല. തട്ടിപ്പും വെട്ടിപ്പും നടത്തി സ്വന്തം വാദിക്കുമ്പോൾ സ്വയം മിടുക്കനാണെന്ന അഹങ്കാരം ആർക്കും തോന്നാം. പക്ഷെ ഓരോ പറ്റികലുകളും മനസാക്ഷിയെ ഓരോരോ പോറലുകളായി വീണുകിടക്കും. ഇതാണ് തലവരയായി പിന്നെ മാറുന്നത്. പല ജന്മങ്ങൾ നീളുന്നതാണ് ആ തലവര....തലവരയുടെ കുരുക്ക് അഴിക്കാൻ പ്രായശ്ചിത്തങ്ങളിലൂടെ കഴിയൂ....അതായത് ഓരോ തെറ്റിനും അനുഭവങ്ങളുടെ തീച്ചൂളയിലൂടെ കടന്നുപോകാതെ മാപ്പ് ലഭിക്കില്ല....കരയുമ്പോൾ കൂടെ കരയാൻ സ്വന്തം നിഴൽ മാത്രമേ കാണൂ....

JUDIT ALANA
10B

## അമ്മയ്ക്ക് പറയാനുള്ളത്...

ബാല്യത്തിൽ നിനക്കായി
ഞാൻ
നീട്ടിയ
നാണയത്തുട്ടുകളിലേറെയും
അച്ഛന്റെ വിയർപ്പായിരുന്നു.
വൈകി വന്ന നിനക്കായ്
ഞാനുറക്കമൊഴിച്ച്
കാത്തിരിക്കുമ്പോൾ
വീടിന്റെ
നാലുചുവരുകൾക്കുള്ളിൽ
രണ്ട് കണ്ണുകൾ ഉറങ്ങാതെ
വേറെയും
കാത്തിരിപ്പുണ്ടായിരുന്നു.
മക്കളെന്ന വിളക്കിനായി
എരിഞ്ഞുതീർന്ന
സ്വപ്നങ്ങൾക്ക് നടുവിൽ
ഞാനെന്ന തിരി
കത്തിത്തീരുമ്പോൾ
എന്നോടൊപ്പം അച്ഛനെന്ന
എണ്ണയും
എരിഞ്ഞുതീരുന്നുണ്ടായിരുന്നു
!

HARITHA RAJEEV
10B